ഉത്തരം

(എ) മലപ്പുറം ജില്ല നിലവിൽ വന്നശേഷം പുതിയ ട്രെയിനിംഗ് സ്കൂളുകളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ആകെ ഉണ്ടായിരുന്ന ട്രെയിനിംഗ് സ്കൂളുകളുടെ എണ്ണം 104-ൽ നിന്നും 92 ആയി ചുരുക്കിയപ്പോഴും മലപ്പുറം ജില്ലയിലുള്ള സ്കൂളുകളൊന്നും നിറുത്തലാക്കിയിരുന്നില്ല. പുതുതായി ട്രെയിനിംഗ് സ്കൂളുകളൊന്നുംതന്നെ സഹകാര്യ മേഖലയിൽ അനുവദിക്കേണ്ടതില്ലെന്ന് നയപരമായി ഒരു തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

മാവേലിക്കര പീറർ മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ ബി. എഡ്. പരീക്ഷാഫലം

1211. [1821] ശ്രീ. ടി. വി. വിജയരാജൻ :
,, എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റി 1985-86-ലെ ബി. എഡ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചുവോ ;

(ബി) എങ്കിൽ മാവേലിക്കര പീറർ മെമ്മോറിയൽ ട്രെയിനിംഗ് കോളേജിലെ പരീക്ഷാഫലം എന്തുകൊണ്ട് പ്രസിദ്ധീകരിച്ചില്ല എന്നു പറയുമോ ;

(സി) 1986 ഏപ്രിൽ മാസം നടന്ന ബി. എഡ്. പരീക്ഷയ്ക്ക് പ്രസ്തുത കോളേജിൽ നിന്ന് എത്ര വിദ്യാർത്ഥികൾ പരീക്ഷ എഴുതി ?

ഉത്തരം

(എ) പ്രസിദ്ധീകരിച്ചു.

(ബി) ഈ അദ്ധ്യയന വർഷം പ്രസ്തുത കോളേജിൽ പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് സർവ്വകലാശാല അംഗീകരിച്ചിട്ടില്ലാത്തതിനാലാണ്.

(സി) 144 (നൂറ്റി നാല്പത്തി നാല്)

പുതിയ വിദ്യാഭ്യാസ ജില്ലകൾ

1212. [1822] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ വിദ്യാഭ്യാസ ജില്ലകൾ ആരംഭിക്കുന്നുണ്ടോ ; എങ്കിൽ എവിടെയെല്ലാം ;

(ബി) നിലവിലുള്ള വിദ്യാഭ്യാസ ജില്ലകൾ ഏതുവർഷം രൂപീകരിച്ചതാണ് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള വിദ്യാഭ്യാസ ജില്ലകൾ പുനഃസംഘടിപ്പിച്ചു പല സ്ഥലങ്ങളിലും പുതിയ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കേണ്ടതാണെന്ന നിർദ്ദേശം ഗവൺമെൻറിൻെറ സാമ്പത്തിക പരിമിതിമൂലം ഒഴുമിച്ചു നടപ്പിലാക്കാൻ നിവൃത്തിയില്ല. എന്നാൽ ഭരണപരമായി അത്യാവശ്യമെന്നു കാണുന്ന വിദ്യാഭ്യാസ ജില്ലകൾ പുനഃസംഘടിപ്പിച്ചുകൊണ്ട് ഇതു ഘട്ടംഘട്ടമായി നടപ്പിലാക്കി വരികയാണ്.

(ബി) നിലവിലുള്ള 31 വിദ്യാഭ്യാസ ജില്ലകളിൽ 28 ജില്ലകളും 1979-നു മുൻപു പല ഘട്ടങ്ങളിലായി രൂപീകരിച്ചതാണ്. വയനാട് വിദ്യാഭ്യാസ ജില്ല 1979-ലും, കട്ടപ്പന 1981-ലും, കോതമംഗലം 1982-ലും രൂപീകരിച്ചു.

സംസ്ഥാനത്തെ എയിഡഡ് സ്കൂളുകൾ

1213. [1823] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 25-5-1932-നുശേഷം നമ്മുടെ സംസ്ഥാനത്ത് അനുവദിച്ച എയിഡഡ് സ്കൂളുകളിൽ ഹൈസ്ക്കൂൾ എത്ര ; യു. പി. എസ്. എത്ര ; എൽ. പി. എസ്. എത്ര ;

(ബി) ഓരോ വിഭാഗത്തിലും നിയമിക്കപ്പെട്ട അദ്ധ്യാപകർ എത്ര ;

(സി) ഓരോ വിഭാഗത്തിലുള്ള അദ്ധ്യാപകർക്കു വേണ്ടിവരുന്ന ശമ്പളം ആണ്ടിൽ എത്ര ;

(ഡി) ഓരോ വിഭാഗത്തിലുമുള്ള സ്കൂളിനുവേണ്ടി 1985-86-ൽ നൽകപ്പെട്ട മെയിൻറനൻസ് ഗ്രാൻറ് എത്ര ;

(ഇ) അനുവദിക്കപ്പെട്ട സ്കൂളുകളിൽ നിയമിക്കപ്പെട്ട നോൺ ടീച്ചിംഗ് സ്റ്റാഫ് എത്ര ;

(എഫ്) അവർക്ക് ഒരുവർഷം നൽകേണ്ട ശമ്പളം എത്ര ?

ഉത്തരം

(എ) 31-7-1981-ലും 24-2-1982-ലും സർക്കാർ പ്രസിദ്ധീകരിച്ച സ്ഥല നിർണ്ണയ ലിസ്റ്റിലെ 282 സ്ഥലങ്ങളിൽ നിന്നും മുൻ ഗവൺമെൻറ് അനുവദിച്ചതിനുശേഷമുള്ള സ്ഥലങ്ങളിൽ നിയമപരമായ ബാദ്ധ്യത നിറവേറ്റുന്നതിനായി 85 എയിഡഡ് സ്കൂളുകളും മുൻ ഗവൺമെൻറിൻെറ കാലത്ത് പ്രസിദ്ധീകരിച്ച പ്രാഥമിക സ്ഥല നിർണ്ണയ ലിസ്റ്റിൻെറ തുടർച്ചയായി 27-1-1983-ൽ പ്രസിദ്ധീകരിച്ച അന്തിമ സ്ഥലനിർണ്ണയ ലിസ്റ്റിൽ നിന്നും 247 എയിഡഡ് സ്കൂളുകളും ഉൾപ്പെടെ 332 എയിഡഡ് സ്കൂളുകൾ 25-5-1982-നുശേഷം സംസ്ഥാനത്ത് അനുവദിച്ചിട്ടുണ്ട്. അതിൽ

ഹൈസ്ക്കൂളുകൾ	—	148
യു.പി. സ്കൂളുകൾ	—	97
എൽ.പി. സ്കൂളുകൾ	—	87
ആകെ	—	332

(ബി, സി, ഡി, ഇ, എഫ്) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly